# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4782** **23.07.2015-ൽ മറുപടിയ്ക്ക്**

## ആദിവാസി ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

**ചോദ്യം**
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസി വിഭാഗങ്ങൾക്ക് അനുവദിച്ച ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കെട്ടിടം നിർമ്മിച്ച് നൽകേണ്ട സ്ഥലങ്ങളുടെ ദുർഘട സ്ഥിതി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വിദഗ്ധരായ കൈത്തൊഴിലാളികളുടെ അഭാവം എന്നിവയാണ് ഭവന നിർമ്മാണ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യത്തിന് കാരണമാകുന്നത്. |
| ബി) | വയനാട് ജില്ലയിൽ ഇത്തരത്തിൽ എത്ര ഭവനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ; ആയതിന്റെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ; | ബി) | വയനാട് ജില്ലയിൽ ഇത്തരത്തിൽ ആകെ 1089 ഭവനങ്ങൾ ഉണ്ട്. നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.<br>സുൽത്താൻ ബത്തേരി - 490<br>മാനന്തവാടി - 175<br>കൽപ്പറ്റ - 424 |
| സി) | ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സൊസൈറ്റികൾ രൂപീകരിച്ച് ഭവന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | സി) | ഉണ്ട്.<br>വയനാട് ജില്ലയിൽ എല്ലാ പഞ്ചായത്തുകളിലും പട്ടികവർഗ്ഗ ഭവന നിർമ്മാണ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആയത് മുഖാന്തിരം നിർമ്മാണ പ്രവർത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ